നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് കോമ്പറ്റീഷൻ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻറൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് ഉപന്യാസം/ക്വിസ്/പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ 'ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് ', വിവിധ പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചുവരുന്നു. വിദ്യാർത്ഥികളിലും യുവതലമുറയിലും പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ കോളേജുതല സെമിനാറുകളും ജനാധിപത്യ സംവിധാനത്തെപ്പറ്റി കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നതിനായി യൂത്ത് പാർലമെന്റ് മത്സരങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഓരോ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ എം.എൽ.എ.-മാരോടും തങ്ങളുടെ മണ്ഡലത്തിലെ ഓരോ സ്കൂളുകളെ സെമിനാറിനായി തെരഞ്ഞെടുത്ത് അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 82 എം.എൽ.എ.-മാർ മാത്രമാണ് സ്കൂളുകൾ നിശ്ചയിച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചത്. അതിൽ 37 സ്കൂളുകൾ മാത്രമാണ് 2016-17 അദ്ധ്യയന വർഷത്തിൽ സെമിനാർ സംഘടിപ്പിച്ചതായി റിപ്പോർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ ഇതിന് തുടർച്ചയായി പുതിയ അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽത്തന്നെ പാർലമെന്ററി പ്രക്രിയയെക്കുറിച്ചും ജനാധിപത്യത്തിൽ മതേതര മൂല്യങ്ങളുടെ പ്രാധാന്യം കേന്ദ്രീകരിച്ചുകൊണ്ട് സ്കൂളുകളിലും കോളേജുകളിലും സെമിനാറുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ചുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്**

70 (693) <u>ശ്രീ. എം. ഉമ്മർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് "പാർലമെന്ററി ജനാധിപത്യം" എന്ന വിഷയത്തെ ആസ്പദമാക്കി സ്കൂളുകളിൽ സെമിനാർ നടത്താൻ ഉദ്ദേശിച്ചിരുന്നോ; എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ ;

(ബി) എന്നാൽ പ്രസ്തുത പരിപാടി വേണ്ടത്ര വിജയം നേടാൻ കഴിഞ്ഞില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ നൂറ്റിനാല്പത് മണ്ഡലങ്ങളിലെ സ്കൂളുകളിൽ നടത്തേണ്ട പരിപാടി മുപ്പത്തിയാറ് സ്കൂളുകളിൽ മാത്രമായി ഒതുങ്ങിയതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുകയിൽ എത്ര ശതമാനം ചെലവാക്കി എന്നറിയിക്കാമോ;

(ഇ) ഭാവിയിൽ ഇത്തരം പദ്ധതികൾ ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഓരോ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ എം.എൽ.എ.-മാരോടും തങ്ങളുടെ മണ്ഡലത്തിലെ ഓരോ സ്കൂളുകളെ സെമിനാറിനായി തെരഞ്ഞെടുത്ത് അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 82 എം.എൽ.എ.-മാർ മാത്രമാണ് സ്കൂളുകൾ നിശ്ചയിച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചത്. അതിൽ 37 സ്കൂളുകൾ മാത്രമാണ് 2016-17 അദ്ധ്യയന വർഷത്തിൽ സെമിനാർ സംഘടിപ്പിച്ചതായ റിപ്പോർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാക്കിയിട്ടുള്ളത്.

(സി) ബഹുമാനപ്പെട്ട എം.എൽ.എ.-മാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത സ്കൂളുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നുവെങ്കിലും ബന്ധപ്പെട്ട എല്ലാ സ്കൂൾ അധികാരികളും ടി വിഷയത്തിൽ മതിയായ പ്രാധാന്യം നൽകിയില്ല. ആയതിനാൽ 37 സ്കൂളുകളിൽ മാത്രമേ സെമിനാർ സംഘടിപ്പിച്ചിട്ടുള്ളൂ.

(ഡി) 26.3% .

(ഇ) അടുത്ത അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽത്തന്നെ സ്കൂളുകളെ നിശ്ചയിച്ച് ബന്ധപ്പെട്ട എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും അദ്ധ്യാപക-രക്ഷാകർത്തൃ സമിതികളുടെയും സഹകരണത്തോടെ ടി പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly